**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3331** **25-10-2021 - ൽ മറുപടിയ്ക്ക്**

**പേരാമ്പ്ര മണ്ഡലത്തിലെ ഭൂമി തരംമാറ്റൽ അപേക്ഷകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ലൈഫ് പദ്ധതിയിൽ വീട് അനുവദിക്കപ്പെട്ടിട്ടും ഭൂമി തരംമാറ്റൽ കഴിയാത്തതിനാൽ പാവപ്പെട്ടവർക്ക് പദ്ധതി നഷ്ടമാവുന്നതായ അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | നവകേരള മിഷന്റെ ആഭിമുഖ്യത്തിൽ ലൈഫ് മിഷൻ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ടു, 02.11.2018, 28.11.2018 തീയതികളിലായി, ബഹു. മുഖ്യമന്ത്രിയുടെ നേതൃത്ത്വത്തിൽ നടത്തിയ ദ്വിദിന സെമിനാറിന്റെ അടിസ്ഥാനത്തിൽ, നിലം വിഭാഗത്തിൽ പെട്ട ഭൂമിയിലുള്ള വീട്ടു നിർമ്മാണവുമായി ബന്ധപ്പെട്ട്, 03.12.2018-ലെ 787/പി1/18/റവ നമ്പർ സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളതാണ്. ലൈഫ് മിഷനിൽ ഉൾപ്പെട്ട നെൽവയലിന്റെ ഉടമസ്ഥർക്കു വീട് വയ്ക്കുന്നതിനുള്ള അപേക്ഷകൾ യുദ്ധകാലാടിസ്ഥാനത്തിൽ തീർപ്പാക്കാൻ അതാത് ജില്ലാതല അധികൃത സമിതികൾക്കും, അപ്പീലുകൾ അടിയന്തിരമായി തീർപ്പാക്കാൻ ജില്ലാകളക്ടർമാർക്കും പ്രസ്തുത സർക്കുലറിലൂടെ നിർദ്ദേശം നൽകിയിട്ടുള്ളതാണ്. കൂടാതെ, 2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരമുള്ള, 10 സെന്റ് വരെ വിസ്തൃതിയുള്ള, വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയിൽ, 120 സ്ക്വയർ മീറ്റർ വരെ വിസ്തീർണ്ണം ഉള്ള വീട് നിർമ്മിക്കുന്നതിനായി, ടി നിയമ പ്രകാരമുള്ള തരം മാറ്റ ഉത്തരവ് ആവശ്യമില്ലാത്തതാണ്. 25 സെന്റ് വരെ വിസ്തൃതിയുള്ള വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ തരംമാറ്റം സൗജന്യ നിരക്കിലും സാധ്യമാവുന്നതാണ്. |
| (ബി) | ഇത്തരത്തിൽ പേരാമ്പ്ര മണ്ഡലത്തിലെ വിവിധ വില്ലേജുകളിൽ നിന്നായി എത്ര അപേക്ഷകൾ റവന്യൂ വിഭാഗത്തിൽ ഉണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ തരം മാറ്റത്തിനായി/ ഡേറ്റാ ബാങ്കിൽ നിന്ന് ഒഴിവാക്കാൻ ലഭിക്കുന്ന, അപേക്ഷകളിൽ, ലൈഫ് പദ്ധതിയിൽ ഉൾപ്പെടുന്ന അപേക്ഷകരാണോയെന്ന കാര്യം വ്യക്തമാക്കുന്നില്ല. എന്നാൽ, ലൈഫ് പദ്ധതിയിൽ ഉൾപ്പെടുന്നുവെന്ന് കാണിച്ച് ലഭിക്കുന്ന അപേക്ഷകൾ, അടിയന്തിരമായി തീർപ്പ് കൽപ്പിച്ച് വരുന്നുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഒരു പ്രത്യേക അദാലത്ത് നടത്തി ഇത്തരം പ്രശ്നങ്ങൾ തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കാമോ? | (സി) | ഒരു പ്രത്യേക അദാലത്ത് നടത്തി, ഇപ്രകാരം ലൈഫ് പദ്ധതിയിൽ ഉൾപ്പെട്ട അപേക്ഷകൾ തീർപ്പാക്കുന്ന വിഷയം പരിഗണിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ

421

കേരള സർക്കാർ

നം. 787 /പി1/18/റവ

റവന്യൂ (പി) വകുപ്പ്
തീയതി, 03.12.2018

<u>പരിപത്രം</u>

വിഷയം: റവന്യൂ വകുപ്പ് - കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം - ലൈഫ് മിഷൻ പദ്ധതിയിലുൾപ്പെട്ട നിലം വിഭാഗത്തിൽപ്പെട്ട ഭൂമിയിൽ വീട് വയ്ക്കുന്നതിന് - നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

നവകേരള മിഷന്റെ ആഭിമുഖ്യത്തിൽ ലൈഫ് മിഷൻ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് 2.11.2018, 28.11.2018 തീയതികളിലായി ബഹു.മുഖ്യ മന്ത്രിയുടെ നേതൃത്വത്തിലായി നടന്ന ദ്വിദിന സെമിനാറിൽ നിലം വിഭാഗത്തിൽപ്പെട്ട ഭൂമിയിൽ വീടു നിർമ്മാണത്തിന് അനുമതി ലഭിക്കാത്തതു മൂലം ലൈഫ് മിഷൻ പദ്ധതിയിലൂടെ ഇത്തരം ഭൂമിയിൽ നിർമ്മാണത്തിന് അപേക്ഷിച്ചവർക്ക് ബുദ്ധിമുട്ടനുഭവപ്പെടുന്നതായി ആരോപണ മുയർന്നിരുന്നു. ഇത്തരത്തിലുള്ള ആയിരക്കണക്കിന് അപേക്ഷകൾ കെട്ടിക്കിടക്കുന്നതായി പഞ്ചായത്ത് പ്രസിഡന്റുമാർ ഉൾപ്പെടെയുള്ളവർ ആരോപിച്ചു. സർക്കാർ ഇക്കാര്യം ഗൗരവമായി കണ്ട് ലൈഫ് മിഷൻ പദ്ധതി നടത്തിപ്പ് സുഗമമാക്കുന്നതിന് താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരം നെൽവയലിന്റെ ഉടമസ്ഥന് താമസിക്കുന്നതിന് പ്രാദേശികതല നിരീക്ഷണ സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ പഞ്ചായത്തിൽ 10 സെന്റും മുനിസിപ്പാലിറ്റി/ കോർപ്പറേഷനിൽ 5 സെന്റും വീതം ഭൂമിയിൽ വീട് വയ്ക്കുന്നതിനായി ഭൂമി പരിവർത്തനപ്പെടുത്തുന്നതിന് ജില്ലാതല അധികൃത സമിതിക്ക് അനുമതി

നൽകാവുന്നതാണ്. എന്നാൽ ഇത്തരത്തിലുള്ള നിരവധി അപേക്ഷകൾ ജില്ലാതല അധികൃത സമിതി മുമ്പാകെ തീർപ്പാക്കാനായി കെട്ടിക്കിടക്കുന്നുണ്ട്. ഇത്തരത്തിലുള്ള അപേക്ഷകളിൽ ലൈഫ് മിഷൻ പദ്ധതി പ്രകാരം വീട് വയ്ക്കുന്നതിനായി പരിവർത്തനാനുമതി ആവശ്യപ്പെട്ടു കൊണ്ടുള്ള അപേക്ഷകൾ യുദ്ധ കാലാടിസ്ഥാനത്തിൽ തീർപ്പാക്കേണ്ടതാണ്. ജില്ലാ കളക്ടർ മുമ്പാകെയുള്ള ഈ ഗണത്തിൽപ്പെട്ട അപ്പീൽ അപേക്ഷകളും അടിയന്തിരമായി തീർപ്പാക്കേണ്ടതാണ്.

**പി.എച്ച് കുര്യൻ**
അഡീഷണൽ ചീഫ് സെക്രട്ടറി

ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ
കൃഷി വകുപ്പ്
തദ്ദേശ സ്വയംഭരണ വകുപ്പ്
ഐ & പി. ആർ. ഡി വകുപ്പ് - (വിപുലമായ പ്രചാരണത്തിന്)

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു.മുഖ്യമന്ത്രിയുടെ പി.എസ്-ന്
ബഹു.റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രിയുടെ പി.എസ്-ന്
റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ യ്ക്ക്